നം.കെ.എസ്.എ.പി.റ്റി.എ.പി**9/1626/2018** തീയതി**: 7.1 .2019**

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വരവ്**-**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്, **1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്, **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 25.8.2017 മുതൽ 16.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2018 മുതൽ 27**.12.2018** വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി അമ്പിളി എം വി | 1.4.2017 മുതൽ 31.3.2018 വരെ |

വൈസ് പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ജോൺ | 1.4.2017 മുതൽ 31.3.2018 വരെ |

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

| | |
|---|---|
| ശ്രീമതി അജിത സോമൻ *(വികസനകാര്യം)* | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീമതി സുജാ മാത്യു *(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ. റ്റിജോ തോമസ് *(ക്ഷേമകാര്യം)* | 1.4.2017 മുതൽ 31.3.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ രാജ്കുമാർ | 1.4.2017 മുതൽ 7.6.2017 വരെ |
| ശ്രീ. റോയി തോമസ് *(അസി. സെക്രട്ടറി)* | 8.6.2017 മുതൽ 13.6.2017 വരെ |
| ശ്രീ. സനൽകുമാർ സി പി | 14.6.2017 മുതൽ 16.6.2017 വരെ |
| ശ്രീ. റോയി തോമസ് *(അസി. സെക്രട്ടറി)* | 17.6.2017 മുതൽ 26.6.2017 വരെ |
| ശ്രീ. മുകുന്ദൻ വി | 27.6.2017 |
| ശ്രീ. റോയി തോമസ് *(അസി. സെക്രട്ടറി)* | 28.6.2017 മുതൽ 19.7.2017 വരെ |
| ശ്രീ. സൈമൺ വർഗ്ഗീസ് | 20.7.2017 മുതൽ 31.3.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീ. റിയാസ് ആർ | 1.4.2017 മുതൽ 27.10.2017 വരെ |
| ശ്രീമതി അലിയ ഫെർസാന | 28.10.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. വിനായക് | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| ഡോ. ഷീജാബീഗം എസ് | 1.4.2017 മുതൽ 31.7.2017 വരെ |
| ഡോ. അനിലാ റാണി എസ് | 1.8.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീ. അസ്ജാദ് എം എഫ് | 1.4.2017 മുതൽ 3.7.2017 വരെ |
| ശ്രീ. അനിൽകുമാർ ബി എസ് | 4.7.2017 മുതൽ 18.1.2018 വരെ |
| ശ്രീ. ജയപ്രകാശ് എം ജെ | 19.1.2018 മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീമതി ആശാദേവി പി | 1.4.2017 മുതൽ 15.3.2018 വരെ |
| ശ്രീ. സിബി മാത്യൂസ് | 16.3.2018 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. ബിനുരാജ് എ | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി കൃഷ്ണേന്ദു | 1.4.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | |
| ശ്രീമതി മുംതാസ് ബീഗം | 1.4.2017 മുതൽ 12.6.2017 വരെ |
| ശ്രീമതി കമലാക്ഷി കുഞ്ഞമ്മ | 13.6.2017 മുതൽ 31.3.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1:** പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 14 | വിവരസാങ്കേതിക വകുപ്പിന്റെ “Right of Way”അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി | 2-2 |
| 15 | IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, എലിമുള്ള് - അനധികൃതമായി വസ്തുനികുതി ഒഴിവാക്കി നൽകി | 2-3 |

| | | |
|---|---|---|
| 16 | അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| 17 | അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തി | 2-5 |
| 18 | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത | 2-6 |
| 19 | വസ്തുനികുതി നിർണ്ണയിച്ചതിലും റഗുലറൈസേഷൻ ഫീ ഈടാക്കിയതിലും അപാകത | 2-7 |
| 20 | വസ്തുനികുതി- അനധികൃതമായി ഇളവ് അനുവദിച്ചു | 2-8 |
| 21 | അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു | 2-9 |
| 22 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-10 |
| 23 | മൊബൈൽ ടവറുകളുടെ ജനറേറ്റർ റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-11 |
| 24 | മൊബൈൽ ടവറുകളുടെവസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത- വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-12 |
| 25 | ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-13 |
| 26 | തൊഴിൽ നികുതി-അപാകതകൾ | 2-14 |
| | ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | പദ്ധതി നടത്തിപ്പ് - അവലോകനം | 3-1 |
| 28 | വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിച്ചില്ല | 3-2 |
| 29 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ ഫർണ്ണീച്ചർ പൂർണ്ണമായും വിതരണം ചെയ്തില്ല | 3-3 |
| 30 | ഗ്രാമപഞ്ചായത്തിന് ഫർണ്ണീച്ചർ വാങ്ങൽ– വാങ്ങിയ മേശകൾ ഉപയോഗിക്കുന്നില്ല | 3-4 |
| 31 | തെരുവ് വിളക്ക് വാങ്ങൽ– പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-5 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പദ്ധതി പൂർത്തീകരണത്തിന് ശേഷവും വാട്ടർ അതോറിറ്റിയിൽ തുക അവശേഷിക്കുന്നു | 3-6 |
| 33 | റിവോൾവിംഗ് ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ | 3-7 |
| 34 | ആശ്രയ ഫണ്ടിൽ യഥാസമയം തുക ഒടുക്കാത്തത് പലിശ നഷ്ടപ്പെടുത്തി | 3-8 |
| 35 | സ്റ്റേഡിയം ജംഗ്ഷൻ പാലം പണി സ്തംഭനാവസ്ഥയിൽ | 3-9 |

| | | |
|---|---|---|
| 36 | ഗാർഹിക കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-10 |
| 37 | തെരുവ് വിളക്ക് മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 38 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല | 3-12 |
| 39 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-13 |
| 40 | തൊഴിലുറപ്പ് പദ്ധതി | 3-14 |
| 41 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അഭാവം മൂലം പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 3-15 |
| 42 | അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു | 3-16 |
| 43 | എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല | 3-17 |
| 44 | ഇ.എം.എസ് ഭവനപദ്ധതി - ഗുണഭോക്താവ് തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല | 3-18 |
| 45 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-19 |
| 46 | പാലിയേറ്റീവ് കെയർ പദ്ധതി- നടത്തിപ്പിലും മേൽനോട്ടത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല | 3-20 |
| 47 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-21 |
| 48 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-22 |
| 49 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല | 3-23 |
| 50 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല | 3-24 |
| | ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 51 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 52 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 54 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 55 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 56 | ഓഡിറ്റ് റിക്കവറി | 4-6 |
| 57 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 21.3.2017-ൽ ധനകാര്യ സ്ഥിരം സമിതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 25.3.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസഡ് ബഡ്ജറ്റ് 13.3.2018-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 6983106 | 7228674 | 245568 | |
| വരവ് | 168708000 | 73541776 | | 95166224 |
| ആകെ | 175691106 | 80770450 | | 94920656 |
| ചെലവ് | 169568500 | 75821548 | | 93746952 |
| നീക്കിയിരിപ്പ് | 6122606 | 4948902 | | 1173704 |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2017-18 | 31.7.2018 | 17.7.2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 12.7.2018-ലെ കെഎസ്എ. പിറ്റിഎ.പി9-662/18നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 7228674 |
| വരവ് | 73541776 |
| ആകെ | 80770450 |
| ചെലവ് | 75821548 |
| നീക്കിയിരിപ്പ് | 4948902 |

## 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 29238000 | 29238000 | 25126465 | 4111535 |
| വികസന ഫണ്ട് (എസ്.സി.പി) | - | 3562000 | 3562000 | 3497417 | 64583 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 46000 | 46000 | 45981 | 19 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 7561000 | 7561000 | 6883820 | 677180 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 5823000 | 5823000 | 2407712 | 3415288 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 16434970 | 16434970 | 10396953 | 6038017 |
| തൊഴിലുറപ്പ് പദ്ധതി | 2115 | 897745 | 899860 | 898724 | 1136 |
| തനത് ഫണ്ട് (ബാങ്ക്) | 779178 | 7627474 | 8406652 | 7556924 | 849728 |
| തനത് ഫണ്ട് (ട്രഷറി) | - | 819858 | 819858 | 649 | 819209 |
| ട്രഷറി ജോയിന്റ് വെൻച്ചർ | 1525000 | 2490000 | 4015000 | 4015000 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 242 | 119951934 | 170 | 59734642 | 72 | 49.8 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 24 | 24384600 | 23 | 16456351 | 67.49 |
| സേവനം | 81 | 55239967 | 56 | 21897872 | 39.64 |
| പശ്ചാത്തലം | 137 | 40327367 | 91 | 21380419 | 53 |
| ആകെ | **242** | **119951934** | **170** | **59734642** | **49.8** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 20 | 10403529 | 5654013 | 54.34 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 4009250 | 1949150 | 48.62 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 150 | 95 | 51543125 | 23449474 | 45.49 |
| വി.ഇ.ഒ | 15 | 11 | 12972500 | 10673000 | 82.27 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1240000 | 1217600 | 98.19 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 3311234 | 2797611 | 84.49 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 4427500 | 2714500 | 61.31 |
| വെറ്ററിനറി സർജൻ | 13 | 11 | 13347100 | 10194325 | 76.38 |
| എച്ച്.എം, ഗവ. എൽപിഎസ് | 7 | 5 | 1632012 | 884976 | 54.23 |
| ആകെ | **242** | **170** | **119951934** | **59734642** | **49.9** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നിക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2155 | 897745 | 899860 | 898724 | 1176 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 15553707 | 15553707 | 15553707 | - |

## 1-8 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *പുതുതായി പെൻഷൻ അനുവദിച്ചത്* | *നിരസിച്ചത്* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 15 | 1 | 423 | 5047600 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 146 | 2 | 1316 | 16621800 |
| വികലാംഗ പെൻഷൻ | 13 | 1 | 196 | 2222100 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | 8 | 94400 |
| വിധവാ പെൻഷൻ | 36 | - | 637 | 7322000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3277/- (മൂവായിരത്തി ഇരുനൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും വീണ്ടും ആവിഷ്കരിക്കുന്നത്. പഞ്ചായത്തിൽ നിയമാനുസൃതമുള്ള പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും കേവലം പേരിന് മാത്രമാണ് യോഗം കൂടുന്നത്. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട 29.12.17, 16.3.18 എന്നീ തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഒരു വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും പങ്കെടുത്ത ഒരു യോഗം പോലും ഇല്ല. വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്ന വന്ന ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ മാത്രമാണ്. ഈ ആശയങ്ങളിൽ പലതും പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽ നിയന്ത്രണമുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ ഉദാസീനമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകുകയും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്.പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി/ പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2018 | 10/2018 | 27.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.1.2018 | 2012 മുതൽ 2016 വരെ | 9.3.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല-

(1)**RP 40(b)** -SBI Konni- സ്പെഷ്യൽ ഫണ്ട് അക്കൗണ്ട് (കോഡ്450210101) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 8211121 രൂപായാണ് AFS പ്രകാരം നീക്കിയിരുപ്പ് 819858 വ്യത്യാസം പൊരുത്തപ്പെടുന്നില്ല

(2) **RP 40(b)-S**pecial fund SSA – ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. മുൻ ബാക്കിയും നീക്കി ബാക്കിയും ഒന്നുതന്നെയാണ്

(3) ഷെഡ്യൂൾ **B1-** ഷെഡ്യൂളിൽ 16500 രൂപ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

(4) ഷെഡ്യൂൾ **B3 -C**apital contribution ഇനത്തിൽ 45981 രൂപ കുറവായി കാണിച്ചിരിക്കുന്നു

(5) ഷെഡ്യൂൾ **B9** -royalty,refunds payable ,other item എന്നീ ഹെഡുകളിലെ തുകകൾ തെറ്റായി LIABILITY HEAD -ൽ കാണിച്ചിരിക്കുന്നു

(6) ഷെഡ്യൂൾ **B11**-depreciation തുകകൾ കാണിച്ചിരിക്കുന്നത് തെറ്റായാണ്

(7) വസ്തു നികുതി -നീക്കി ബാക്കി,ഡിമാന്റ് തുകകൾ തെറ്റാണ്. ഇത് സഞ്ചയായിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

(8)ഷെഡ്യൂൾ **I-6** - grant from suchithwa mision 213621 income head ൽ മൈനസ് ആയി കാണിച്ചിരിക്കുന്നു.

(9)കേരളോത്സവം - Income& exp അക്കൗണ്ടിൽ വരവ് 20000. എന്നാൽ Receipt & Payment അക്കൗണ്ടിൽ ചെലവ് 10000 രൂപ. ബാലൻസ് കാണിച്ചിട്ടില്ല.

(10)ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകുന്ന തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥർ 7A ക്യാഷ് ബുക്കിൽ എഴുതിസൂക്ഷിക്കുന്നില്ല. വരവ് -ചെലവ് തുകകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

**(1)** ഗുണഭോക്തൃവിഹിതം-പിരിവ് തുക ഒടുക്കു വരുത്തിയിട്ടില്ല

വെറ്റിനറി സർജന് അനുവദിച്ചിരുന്ന രസീത് ബുക്ക് നമ്പർ 9840ന്റെ 66-ാം നമ്പർ രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച 6000രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.ഈ രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.ഈ രസീത് ബുക്കിലെ 67 നമ്പർ രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിച്ചിരിക്കുന്നത് 22/11/2018 ആണ്.അയതിനാൽ 22/11/2018നോ അതിന് മുമ്പോ ആണ് 66 നമ്പർ രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതമിനത്തിൽ തുക പിരിച്ചിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ അനുഛേദം 7പ്രകാരവും 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടത്തിലെ റൂൾ 23പ്രകാരവും ഒരു ഉദ്യോഗസ്ഥൻ കാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/27.12.2018) വെറ്റിനറി സർജനിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ആയത് താൽക്കാലിക പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു.ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച6000രൂപ പഞ്ചായത്തിൽ അടിയന്തരമായി ഒടുക്ക് വരുത്തണം. ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ വീഴ്ച ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്

(2) <u>ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നില്ല</u>

വെറ്റിനറി സർജന് അനുവദിച്ചിരുന്ന രസീത് ബുക്ക് നമ്പർ 9832ന്റെ രസീത് നമ്പർ 6 (തുക 25000/- രൂപ), 7 (തുക 25000/- രൂപ),21 (തുക 4000/- രൂപ) എന്നിവ ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ ഡ്യൂപ്ലിക്കേറ്റ് ഇതോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇങ്ങനെ ക്യാൻസൽ ചെയ്യുന്ന രസീതുകൾ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തി രസീതുബുക്ക് പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് ഹാജരാക്കേണ്ടതാണ്.

(3) <u>കളക്ഷൻ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല</u>

പഞ്ചായത്ത് അനുവദിച്ചിരുന്ന രസീത് ബുക്ക് ഉപയോഗിച്ച് തുക പിരിക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.എന്നാൽ വെറ്റിനറി സർജന് അനുവദിച്ചിരുന്ന രസീത് ബുക്ക് ഉപയോഗിച്ച് തുക പിരിക്കുമ്പോൾ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(4) <u>രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല</u>

വെറ്റിനറി സർജന് അനുവദിച്ചിരുന്ന രസീത് ബുക്ക് ഉപയോഗിച്ച് തുക പിരിക്കുമ്പോൾ രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല.

രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിതമായി വകുപ്പുതല അന്വേഷണം നടത്തുന്നതിനും, അന്വേഷണ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 2-2 <u>വിവരസാങ്കേതിക വകുപ്പിന്റെ **"Right of Way"** അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി</u>

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് 13/3/2018-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 10-ാം നമ്പർ തീരുമാനപ്രകാരം റിലയൻസ് ജിയോ അനുമതി നൽകിയിട്ടുണ്ട്.ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| റോഡിന്റെ പേര് | നീളം(കി.മി) |
|---|---|
| സെന്റ് ജോർജ്ജ് മലങ്കര പള്ളി മുതൽടവർ വരെ | 2.6 |
| എലിമുള്ളുംപ്ലാക്കൽ നിരവേൽപ്പടി ആവോലിക്കുഴി | 0.6 |
| നിരവേൽപ്പടി ആവോലിക്കുഴി റോഡ് മുതൽ ടവർ | 0.5 |
| തണ്ണിത്തോട് മുതൽ ടവർ വരെ | 1.5 |
| തേക്കുതോട് മുതൽ ടവർ വരെ | 2.9 |
| ആകെ | 8.1 |

സംസ്ഥാനത്തെ ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ അധികാരപരിധിയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ടെലികോം കമ്പനികൾക്ക് സംസ്ഥാന വിവരസാങ്കേതിക വകുപ്പിൽ നിന്നുള്ള "Right of Way" അനുമതി ആവശ്യമാണ്. തണ്ണിത്തോട് പഞ്ചായത്തിലെ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി റിലയൻസ് ജിയോയ്ക്ക് ലഭിച്ചത് 03.02.2018-ലെ ജി.ഒ.(എം.എസ്.)നം.3/2018/ITD ഉത്തരവ് പ്രകാരം തേക്കുംതോട് ടവർ മുതൽ മൂർത്തിമൺ വരെയുള്ള 2.9 കി.മീറ്ററിൽ മാത്രമാണ് .

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി നൽകുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 15.09.2015-ലെ ജി.ഒ.(എം.എസ്.)നം.39/2015/ITD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ROW അനുമതിയ്ക്കുവേണ്ടി കമ്പനി കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ ഒറ്റത്തവണ വിഹിതം സർക്കാരിൽ അടയ്ക്കുകയും മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുമാണ്. കൂടാതെ പഞ്ചായത്തുമായി കമ്പനി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ 15-വർഷം അല്ലെങ്കിൽ കമ്പനിയുടെ ലൈസൻസ് കാലാവധി അവസാനിക്കുന്നതുവരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ മാത്രമാണ് ROW അനുമതിയ്ക്ക് പ്രാബല്യമുള്ളത്

തണ്ണിത്തോട് പഞ്ചായത്തിലെ 5.2 KM ദൈർഘ്യമുള്ള റോഡുകളിൽ ROW അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകുക വഴി ഒറ്റത്തവണ വിഹിതമിനത്തിൽ സർക്കാരിനുലഭിക്കേണ്ടതായ 390000/-രൂപ (5.2x75000) നഷ്ടപ്പെടുകയുണ്ടായി. കൂടാതെ മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടിയിനത്തിൽ260000- രൂപ (5200x50) സർക്കാരിനുലഭിക്കേണ്ടതായിരുന്നു.

1.11.2017 ലെ സ.ഉ(അച്ചടി)നം.87/2017/തസ്വഭവ പ്രകാരം റോഡ് കട്ടിംഗിന്റെ റിസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി ബാധകമാണ്.തണ്ണിത്തോട് പഞ്ചായത്തിലെ 8.1 KM ദൈർഘ്യമുള്ള റോഡുകളിൽഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് റോഡ് കട്ട്

ചെയ്യതിന്റെ റിസ്റ്റോറേഷൻ ചാർജ്ജായ 7345830/-രൂപ 3/4/2018 ൽ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.പഞ്ചായത്തുമായി കമ്പനിയുടെ എഗ്രിമെന്റ് പ്രകാരവും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയ 13/3/2018-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 10-ാം നമ്പർ തീരുമാനപ്രകാരം ജി.എസ്.ടി തുകയായ 1322250-രൂപ റിലയൻസ് ജിയോ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 2-3 IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, എലിമുള്ള് - അനധികൃതമായി വസ്തുനികുതി ഒഴിവാക്കി നൽകി

എലിമുള്ളുംപ്ലാക്കലിൽ IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസസിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകണമെന്നും കാണിച്ച് 08-06-2017-ലെ Est/15/CASK/2017-ാം നമ്പർ കത്ത് പ്രകാരം അപേക്ഷയും കെട്ടിടത്തിന്റെ പ്ലാനും ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചു. പാർക്കിംഗ് ഏരിയ ഉൾപ്പെടെ 340.2 ച.മീ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 10/123A എന്ന നമ്പരിട്ട് നൽകി. 316.2 ച.മീ കെട്ടിടത്തിന് 2721.6 രൂപ (340.2 x8 = 2721.6 രൂപ) അടിസ്ഥാനവസ്തു നികുതിയായി നിശ്ചയിക്കുകയും 272.16 രൂപ ഇളവ് ഉൾപ്പെടെ 2450 രൂപ വാർഷിക വസ്തുനികുതിയായി നിജപ്പെടുത്തുകയും ചെയ്തു. വസ്തുനികുതി നിശ്ചയിച്ചുവെങ്കിലും ഒഴിവാക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

വസ്തുനികുതി ഒഴിവാക്കി നൽകിയത് ഏന്തടിസ്ഥാനത്തിലാണെന്ന് വിശദീകരണം ലഭ്യമാക്കണമെന്ന് കണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26/26-12-2018) ലഭ്യമാക്കിയ മറുപടിയിൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായതിനാൽ വസ്തുനികുതി ഒഴിവാക്കി നൽകി എന്നാണ് അറിയിച്ചത്. കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട്-207-ാം വകുപ്പ്, 2011-ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 30എന്നിവ പ്രകാരം IHRD -യ്ക്ക് വസ്തുനികുതി ഇളവിന് അർഹതയില്ല. ആയതിനാൽ പെർമിറ്റ് എടുക്കാതെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ ടി നിർമ്മാണം റഗുലറൈസ് ചെയ്യേണ്ടതും വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). എന്നാൽ മേൽ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത കശാപ്പ് നടക്കുന്നതായും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക്ക് മാർക്കറ്റിനുള്ളിൽ അനധികൃതമായി ഇറച്ചി വിൽപ്പന നടക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അറവു ശാല സ്ഥാപിച്ച് ഇറച്ചി വ്യാപാരത്തിനുള്ള ലൈസൻസ് ലേലത്തിൽ നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടവും ഉണ്ടാകുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും വഴിയാത്രക്കാർ കാണാത്തവിധത്തിലും സൂക്ഷിക്കേണ്ടതുമാണ്.എന്നാൽ ഇവിടെ തുറസായ സ്ഥലത്താണ് ഇറച്ചി സൂക്ഷിക്കുന്നത്.ഈ ഇറച്ചിക്കടയോട് ചേർന്നാണ് പഞ്ചായത്തിന്റെ അംഗനവാടി പ്രവർത്തിക്കുന്നത്.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായി അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ നടത്തേണ്ടതും, അനിവാര്യ ചുമതലകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 വാണിജ്യ കെട്ടിടം - പെർമിറ്റിന് വിരുദ്ധമായി നിർമ്മിച്ചു

ശ്രീ ഷൈൻമോൻ എ.ആർ, ആനമല വീട്, തണ്ണിത്തോട് എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 09-09-2017-ലെ പെർമിറ്റ് നം-എ2-3764/17 തീയതി 09-08-2017 പ്രകാരം പെർമിറ്റ് അനുവദിച്ച് നൽകി. തറ നിരപ്പ നില- 33.06 ച.മീ, സ്റ്റയർ റൂം- 8.14 ച.മീ എന്നിവ ഉൾപ്പെടെ 41.20 ച.മീ നിർമ്മാണത്തിനാണ് പെർമിറ്റ് നൽകിയത്. ടി കെട്ടിട നിർമ്മാണം നേരിട്ട് പരിശോധിച്ചതിൽ തറ നിരപ്പനിലയിലെ 33.06 ച.മീ കെട്ടിടത്തിന് മുകളിലായി രണ്ടാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം നിലയ്ക്ക് മാത്രമാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം-27/26-12-2018) നിയമാനുസൃതമായ പിഴ ഈടാക്കി തുടർനടപടികൾ സ്വീകരിക്കുമെന്നാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത

1) തണ്ണിത്തോട് കടിയിരിപ്പ് പുരയിടത്തിൽ ശ്രീ കെ.വി തോമസ് എന്നയാളുടെ ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന് 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 495.06 ച.മീ കെട്ടിടത്തിനാണ് നമ്പരിട്ട് നൽകിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ വരയുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ 70 രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 495.06 ച.മീ കെട്ടിടത്തിന് നമ്പരിട്ട് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുളാണ് നൽകിയത്. എന്നാൽ 495.06 ച.മീറ്ററിനും 70 രൂപ നിരക്കിലായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *കെട്ടിട നം* | *തറ വിസ്തീർണ്ണം* | *ഈടാക്കിയ വസ്തു നികുതി* | *ഈടാക്കേണ്ട വസ്തു നികുതി* | *വ്യത്യാസം* |
|---|---|---|---|---|---|
| 1 | 11/425 A | 18.01 $m^2$ | 18.01x 40= 720 | 18.01x 70= 1261 | 541 |
| 2 | 11/425 B | 17.56 $m^2$ | 17.56x 40= 702 | 17.56x 70= 1229 | 527 |
| 3 | 11/425 C | 46.89 $m^2$ | 46.89x 40= 1876 | 46.89x 70= 3282 | 1406 |
| 4 | 11/425 D | 18.36 $m^2$ | 18.36x 40= 734 | 18.36x 70= 1285 | 551 |
| 5 | 11/425 E | 146.71 $m^2$ | 146.71x 70= 10270 | 146.71x 70= 10270 | 0 |
| 6 | 11/425 F | 54.03 $m^2$ | 54.03x 40= 2161 | 54.03x 70= 3782 | 1621 |
| 7 | 11/425 G | 106.4 $m^2$ | 106.4x 70= 7448 | 106.4x 70= 7448 | 0 |
| 8 | 11/425 H | 87.1 $m^2$ | 87.1x 40= 3484 | 87.1x 70= 6097 | 2613 |

2) തണ്ണിത്തോട് തൈക്കൂട്ടത്തിൽ ശ്രീ സുരേഷ്.റ്റി.വി എന്നയാളുടെ ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന് 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 138.47 ച.മീ കെട്ടിടത്തിനാണ് നമ്പരിട്ട് നൽകിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ വരയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ 70 രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 138.47 ച.മീ കെട്ടിടത്തിന് നമ്പരിട്ട് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുളാണ് നൽകിയത്. എന്നാൽ 138.47 ച.മീറ്ററിനും 70 രൂപ നിരക്കിലായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *കെട്ടിട നം* | *തറ വിസ്തീർണ്ണം* | *ഈടാക്കിയ വസ്തു നികുതി* | *ഈടാക്കേണ്ട വസ്തു നികുതി* | *വ്യത്യാസം* |
|---|---|---|---|---|---|
| 1 | 1/220 A | 23.47$m^2$ | 23.447x 40= 939 | 23.47 x 70= 1643 | 704 |
| 2 | 1/220 B | 115 $m^2$ | 115 x 40= 4600 | 115 x 70= 8050 | 3450 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31/26-12-2018) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണ്ണയിച്ചതിലും റഗുലറൈസേഷൻ ഫീ ഈടാക്കിയതിലും അപാകത

തണ്ണിത്തോട് പുതുപ്പള്ളി പടവിൽ ശ്രീ ബെന്നി.പി.ജെ എന്നയാളുടെ ഉടമസ്ഥയിലുള്ള പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന് 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 103.75 ച.മീ കെട്ടിടത്തിനാണ് റഗുലറൈസേഷൻ ഫീ ഈടാക്കി നമ്പരിട്ട് നൽകിയത്.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 5 രൂപയാണ് പെർമിറ്റ് ഫീ. 103.75 ച.മീ കെട്ടിടത്തിന് 10 രൂപ നിരക്കിൽ 1040 രൂപയാണ് റഗുലറൈസേഷൻ ഫീ ഈടാക്കിയത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- ചട്ടം 137 പ്രകാരം പെർമിറ്റിടെക്കാതെയുള്ള കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.ഡി) സെക്രട്ടറിയുടെ 11-11-2015-ലെ 229813/ആർ.ഡി2/15/ ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഇത് പ്രകാരം ടി കെട്ടിട നിർമ്മാണത്തിന് ഈടാക്കേണ്ട റഗുലറൈസേഷൻ ഫീ 1556 രൂപയാണ്. കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ വരയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ 70 രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 103.75 ച.മീ കെട്ടിടത്തിന് നമ്പരിട്ട് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുളാണ് നൽകിയത്. എന്നാൽ 103.75 ച.മീറ്ററിനും 70 രൂപ നിരക്കിലായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *കെട്ടിട നം* | *തറ വിസ്തീർണ്ണം* | *ഈടാക്കിയ വസ്തു നികുതി* | *ഈടാക്കേണ്ട വസ്തു നികുതി* | *വ്യത്യാസം* |
|---|---|---|---|---|---|
| 1 | 2/199 A | 25.93m$^2$ | 25.93x 40= 1037 | 25.93x 70= 1815 | 778 |
| 2 | 2/199 B | 25.93 m$^2$ | 25.93x 40= 1037 | 25.93x 70= 1815 | 778 |
| 3 | 2/199 C | 25.93 m$^2$ | 25.93x 40= 1037 | 25.93x 70= 1815 | 778 |
| 4 | 2/199 D | 25.96 m$^2$ | 25.96x 40= 1038 | 25.96x 70= 1817 | 779 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-30/26-12-2018)ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 വസ്തുനികുതി- അനധികൃതമായി ഇളവ് അനുവദിച്ചു

2017-18 സാമ്പത്തിക വർഷം തണ്ണിത്തോട് കേരള വെള്ളാള മഹാസഭ ബ്രാഞ്ച് നം-86-ാം നമ്പർ ഉടമസ്ഥതയിലുള്ള 247 ച.മീ ഓഡിറ്റോറിയത്തിന് (1/314A) ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിരുന്നു. 247 ച.മീ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായി 9880 രൂപ നിശ്ചയിക്കുകയും മേഖലയുടെ അടിസ്ഥാനത്തിൽ 10% ഇളവ്, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് എന്നിവ അനുവദിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ മറ്റ് തരം റോഡ് എന്നാണ് കാണിച്ചിരിക്കുന്നത്. മറ്റ് തരം റോഡിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവിന് അർഹതയില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-32/27-12-2018)ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ ഇളവ് ഒഴിവാക്കി വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഇതനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ നികുതി 2014 മുതൽ നാളിതുവരെ ഒടുക്കിയിട്ടില്ല. പുനർനിർണ്ണയിച്ച വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| *വാർഡ് നം/ കെട്ടിട നം* | *ടവറിന്റെ വിവരം* | *നിർണ്ണയിച്ചിട്ടുള്ള നികുതി* | *കടിശ്ശിക* |
|---|---|---|---|
| 9/232/A | BSNL | 4902 | 19608 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്തവിനിമയഗോപുരങ്ങളോ,വാർത്തവിനിമയ ഇണകളോ സ്ഥാപിക്കുവാൻ പാടില്ല.പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥാപിച്ചമൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ്നമ്പർ | വാർഡ്നമ്പർ | ടവർ ഉടമ |
|---|---|---|
| 10 | എലിമുള്ളുംപ്ലാക്കൽ | ഇൻഡസ് ടവേഴ്സ് |
| 12 | തണ്ണിത്തോട് മൂഴി | ബി.എസ്.എൻ.എൽ |

മേൽ പറഞ്ഞ 2 ടവറുകളും സ്ഥാപിച്ചത് പഞ്ചായത്തിന്റെ പെർമിറ്റ് ഇല്ലാതെയാണ്.ഈ ടവറുകളിൽ നിന്നും പഞ്ചായത്ത് വസ്തുനികുതി ഈടാക്കുന്നില്ല.ഇതുമൂലം പഞ്ചായത്തിന് തനതുവരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

## 2-11 മൊബൈൽ ടവറുകളുടെജനറേറ്റർ റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളുടെ വസ്തുനികതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ മൊബൈൽ ടവറുകൾക്ക് അനുബന്ധമായുള്ള ജനറേറ്റർ റൂമുകളുടെ വസ്തുനികുതിനിർണ്ണയിച്ചിട്ടില്ല .ഇതുമൂലം പഞ്ചായത്തിന് തനതുവരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു.എല്ലാ ടവറുകളുടേയും ജനറേറ്റർ റൂമുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-വരുമാനത്തിൽ കുറവുണ്ടാകുന്നു

പഞ്ചായത്തിലെ 12-ാം വാർഡിലെ കെട്ടിടനമ്പർ 127/b എന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 13 ച.മിറ്ററിനാണ്.ഓഡിറ്റ് പഞ്ചായത്തിലെ ഓവർസിയറും ചേർന്ന് നടത്തിയ പ്രാദേശികപരിശോധനയിൽ 39.69ച.മിറ്ററാണ് എന്ന് കണ്ടെത്തി.ഇത് പഞ്ചായത്തിലെ ഓവർസിയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. മൊബൈൽ ടവറിന്റെ നിലവിലുള്ള വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വസ്തീർണ്ണത്തിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്തിന് തനതുവരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിസ്തീർണ്ണം പുനപരിശോധിക്കേണ്ടതാണ്.

## 2-13 ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തു നികതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി വസ്തു നികതി നിർണ്ണയിച്ചരിക്കുന്ന 511 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| *വാർഡ് നമ്പർ / പേര്* | *വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം* | *ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം* |
|---|---|---|
| 1-അഞ്ചുകുഴി | 4 | 1 |
| 2-പഞ്ചായത്ത് പടി | 46 | 14 |
| 3-കരിമാൻതോട് | 59 | 20 |
| 4-ഉമ്പക്കുളം | 19 | 0 |
| 5-തേക്കുംതോട് | 24 | 9 |
| 6 ഏഴന്തല | 61 | 20 |
| 7-പാറക്കുളം | 13 | 4 |
| 8-അള്ളുങ്കൽ | 12 | 2 |
| 9-മണ്ണീറ | 20 | 8 |
| 10-എലിമുള്ളുംപ്ലാക്കൽ | 16 | 3 |
| 11-വി.കെ.പാറ | 47 | 17 |
| 12-തണ്ണിത്തോട് മൂഴി | 69 | 14 |
| 13-മേക്കണ്ണം | 121 | 49 |
| ആകെ | 511 | |

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 511 കെട്ടിടങ്ങളിൽ 2017-18 സാമ്പത്തികവർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത്

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 177എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിക്കാൻ സാഹചര്യം ഉണ്ടാകുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിലും തനത് ഫണ്ട് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-14 തൊഴിൽ നികുതി-അപാകതകൾ

(1)പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടം സംഭവിക്കുന്നു

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി.ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

തണ്ണിത്തോട് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ റബ്ബർ എസ്റ്റേറ്റിലെ ജീവനക്കാരുടേയും തൊഴിലാളികളുടേയും വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.അതനുസരിച്ച് എസ്റ്റേറ്റ് മാനേജർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഓഫിസ് ജീവനക്കാർ | 8 |
| കരാർ ജീവനക്കാർ | 1 |
| സ്ഥിരം തൊഴിലാളികൾ | 146 |
| കരാർ തൊഴിലാളികൾ | 2 |
| ആകെ | 157 |

എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷം 7ജീവനക്കാരുടെ തൊഴിൽ നികുതിയായ15250 രൂപ മാത്രമാണ് ലഭിച്ചിരിക്കുന്നത്.ബാക്കി 150 പേരിൽ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാനനഷ്ടം ലക്ഷങ്ങളാണ്.ഇവരിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2)വ്യാപാരികളുടേയും വ്യാപാരസ്ഥാപനത്തിലെ ജീവനക്കാരുടേയും തൊഴിൽ നികുതി നഷ്ടമാകുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 511 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. ഇതിൽ 2017-18 സാമ്പത്തികവർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 177എണ്ണം മാത്രമാണ്.ഈ സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും അതിലെ ജീവനക്കാരേയുംതൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

(3)പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിട്ടുള്ള കരാറുരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല
പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഒടുക്കിയിട്ടില്ല. പേര് വിവരം ചുവടെ ചേർക്കുന്നു.

(1) കെ.എൻ.രാജേന്ദ്രൻ,കണ്ടത്തുംകരോട്ടിൽ,തണ്ണിത്തോട്

(2) ടി.പി പ്രമോദ്,തൈക്കൂട്ടത്തിൽ,തണ്ണിത്തോട്

(3)സജികുമാർ.പി.എസ്.പുത്തൻ വീട്ടിൽ,തണ്ണിത്തോട്

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(4) അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നു

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യൂക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

സെന്റ് ജോർജ്ജ് പബ്ലിക്ക് സ്കൂൾ, എവർഷൈൻ ഇംഗ്ലീഷ് സ്കൂൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ.-യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ

ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്

(5) *സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല*

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നുംസ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| *ക്രമ നം* | *സ്ഥാപനത്തിന്റെ പേര്* | *അർദ്ധവർഷം* |
|---|---|---|
| 1. | എസ്.ബി.ഐ, തേക്കുതോട് | Ist&IInd |
| 2. | മിനി മുത്തൂറ്റ് ,തേക്കുതോട് | -ടി- |
| 3. | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, തണ്ണിത്തോട് | -ടി- |
| 4. | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, തേക്കുതോട് | -ടി- |
| 5. | നെടുമ്പറമ്പൽ ബാങ്ക്, തണ്ണിത്തോട് | -ടി- |
| 6. | റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, തണ്ണിത്തോട് | -ടി- |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നടത്തിപ്പ് - അവലോകനം

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത 242 പദ്ധതികളിൽ 170 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് 50 ശതമാനം മാത്രമാണ്. പഞ്ചായത്തിന്റെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി വിഭാവനം ചെയ്യണമെന്ന എന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയിലെ മിക്കവാറും എല്ലാ പ്രൊജക്ടുകളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

*ഉത്പാദന മേഖല*

ഏറ്റവും കൂടുതൽ ചെലവ് നടന്നിട്ടുള്ള മേഖലയാണ് ഉത്പാദന മേഖല. 67 ശതമാനമാണ് ചെലവ് നടന്നിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം,ക്ഷീരവികസനം എന്നീ മേഖലകളിൽ മാത്രമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്. വ്യവസായം, മണ്ണ്സംരക്ഷണം, ജലസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾ പൂർണ്ണമായി അവഗണിക്കപ്പെട്ടു. വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നൽകിയ 400000/- രൂപ വിനിയോഗിച്ചില്ല.

*സേവനം*

പദ്ധതി തുക വകയിരുത്തലിന്റെ 46 ശതമാനവും ആകെ പദ്ധതി ചെലവിന്റെ 40 ശതമാനമാണ് ചെലവ് നടന്നിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും പ്രൊജക്ടറും വാങ്ങാനുള്ള പദ്ധതി ഉപേക്ഷിക്കപ്പെട്ടു. കല/കായിക രംഗത്തും യാതൊരും പ്രൊജക്ടും നടപ്പിലാക്കിയില്ല. പാലിയേറ്റീവ് പരിചരണം, മരുന്നു വാങ്ങൽ, പകർച്ചേതര രോഗ നിയന്ത്രണം പദ്ധതികളാണ് ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പി.എച്ച്.സി മെയിന്റനൻസ് (അടങ്കൽ 1798246/-), ഹോമിയോ ആശുപത്രിക്ക് വിശ്രമമുറി , പി.എച്ച്.സിയ്ക്ക് ക്വാട്ടേർസ് നിർമ്മാണം, പി.എച്ച്.സിയിൽ വനിതാ ടോയിലറ്റ്, ആയുർവ്വേദ ആശുപത്രിക്ക് ഗേറ്റും സൈഡ് നെറ്റും, ആയുർവ്വേദ ആശുപത്രിക്ക് സ്റ്റോർ റൂം, അടുക്കള നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കാഞ്ഞത് ഈ മേഖലയോടുള്ള പഞ്ചായത്തിന്റെ അവഗണനയുടെ ഉദാഹരണമാണ്. കരിമാൻതോട് അംഗൻവാടി കെട്ടിടം നിർമ്മിച്ചെങ്കിലും, വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണത്തിന് ആസൂത്രണം ചെയ്ത 1835000/- രൂപ അടങ്കലുള്ള പദ്ധതി നടപ്പിലാക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. കടുത്ത ജല ദൗർലഭ്യമുള്ള പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി വഴി മഴക്കുഴി നിർമ്മാണത്തിനും കിണണർ റിചാർജ്ജിംഗിനും ആവശ്യമായ പരിഗണന നൽകി പ്രവൃത്തികൾ ചെയ്തത് പ്രശംസനീയമാണ്. ഗാർഹിക കുടിവെള്ള പദ്ധതികൾ കൂടി നടപ്പിലാക്കാൻ പഞ്ചായത്തിന്റെ ശ്രമമുണ്ടാകേണ്ടതാണ്.

*പശ്ചാത്തല മേഖല*

പദ്ധതി ചെലവിന്റെ 44 ശതമാനമാണ് ചെലവ് നടന്നിട്ടുള്ളത്. ഇതിൽ ഭൂരിഭാഗവും വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് നിർമ്മാണം, റോഡ് അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തികളാണ്. പഞ്ചായത്തിന് ടോയിലറ്റ്, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നീ പദ്ധതികൾ പോലും തൻവർഷം ഉപേക്ഷിച്ചു.

നിലവിലെ ഷോപ്പിംഗ് കോംപ്ലക്സിന് ആവശ്യമായ മെയിന്റനൻസ് നടത്തുക, ബസ് സ്റ്റാന്റ് നിർമ്മിക്കുക, ആധുനിക അറവുശാല നിർമ്മിക്കുക എന്ന പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടുവെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്ത് വിമുഖത കാണിച്ചു.

പശ്ചാത്തല മേഖലയ്ക്ക് അമിതമായ പ്രാധാന്യം നൽകി സേവന, ഉത്പാദന മേഖലകളെ തഴയുന്ന സമീപനം ആശാസ്യമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി, സ്ഥിരം സമിതികൾ, ഉദ്യോഗസ്ഥർ എന്നിവർ ഇടപ്പെടുകയും പഞ്ചായത്തിന്റെ സന്തുലിതമായ വികസനം സാദ്ധ്യമാകേണ്ടതാണ്.

## 3-2 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിച്ചില്ല

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഷെഡ്യൂൾ ബി4 പ്രകാരം വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകകളിൽ ചുവടെ പറയുന്ന തുകകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഗ്രാന്റിനം | തുക |
|---|---|---|
| 1 | Centrally Sponsored Scheme- SSA | 170864 |
| 2 | Centrally Sponsored Scheme- ICDS | 805500 |
| 3 | Grant from Suchitwa Mission | 1476723 |
| 4 | Contribution for Joint Venture Projects- from Block Panchayats | 1814068 |
| 5 | Contribution for Joint Venture Projects(for rev exp)- from Block Panchayats | 622077 |
| 6 | Contribution for Joint Venture Projects- from District Panchayats | 1000000 |

ടി തുകകൾ ചെലവഴിക്കുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, തുക ലഭിച്ച തീയതി ,എന്നിവ ലഭ്യമാക്കേണ്ടതും തുക ചെലവഴിക്കാതിരുന്ന അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-14/20-12-2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ലെഡ്ജറുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.എസ്.എ ഇനത്തിൽ 01-04-2018-ലെ നീക്കിബാക്കി തുക 144419 രൂപയും ഇതോടൊപ്പം 2017-18 സാമ്പത്തിക വർഷം 26445 രൂപ കൂടി എസ്.എസ്.എ – സ്പെഷ്യൽ ഫണ്ട് എന്ന് കാണിച്ച് വരവ് ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രോജക്ടിനായി ലഭിച്ച തുകയാണെങ്കിൽ ആയത് വിനിയോഗിക്കേണ്ടതും ചെലവഴിക്കാൻ സാധിക്കാത്ത തുകയാണ് അവശേഷിക്കുന്നതെങ്കിൽ എസ്.എസ്.എ യ്ക്ക് തിരികെ നൽകേണ്ടതുമാണ്.

2) അങ്കണവാടി പൂരക പോഷകാഹാരത്തിനായി കേന്ദ്ര വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ് 805500 രൂപ. ടി തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

3)2016-17 വർഷം ഒ.ഡി.എഫ് പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിനിയോഗിച്ച തുകയിൽ കേന്ദ്രസർക്കാർ വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ പ്രോജക്ടുകൾക്ക് വിനിയോഗിച്ച ശേഷം 1776723 രൂപ അവശേഷിക്കുന്നു. ടി തുക വകയിരുത്തി ഗ്രാമപഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടതും ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

4)പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 15 ലക്ഷം രൂപ ലഭിച്ചിരുന്നു. ഇതോടൊപ്പം മുൻബാക്കി കൂടി ഉൾപ്പെട്ട തുകയാണ് 1814068 രൂപ. എന്നാൽ 2017-18 വർഷം പ്രോജക്ട് (നം-44/18) തയ്യാറാക്കിയെങ്കിലും നടപ്പിലാക്കിയില്ല. പ്രോജക്ട് സ്പിൽ ഓവറാക്കിയെങ്കിലും ഓഡിറ്റ് സമയത്തും ചെലവുണ്ടായിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ക്രമ നം-5-ാമതായി പറഞ്ഞിട്ടുള്ള തുക ഏതിനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

6)10 ലക്ഷം രൂപ 31-03-2017-ൽ ജില്ലാ പഞ്ചായത്തിൽ നിന്നും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണത്തിന് ലഭിച്ച തുകയാണ്. എന്നാൽ ആയതിന് നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് ഇല്ല. പ്രസ്തുത സാഹചര്യത്തിൽ ഏതിനത്തിലാണോ തുക ലഭിച്ചത് ആയത് പ്രകാരമുള്ള പ്രോജക്ട് തയ്യാറാക്കേണ്ടതും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

## 3-3 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ ഫർണ്ണീച്ചർ പൂർണ്ണമായും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങൽ (8/17-18) |
| വകയിരുത്തിയ തുക | 2000000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവഴിച്ച തുക | 199384 |
| ബിൽ നമ്പരും തീയതിയും | 9/17-18 തീയതി 30-06-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിന് വേണ്ടിയുള്ളതായിരുന്നു ടി പ്രോജക്റ്റ്. ടെണ്ടർ നടപടി പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് , നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫർണ്ണീച്ചർ വാങ്ങൽ നടത്തിയത്. തടികൊണ്ടുള്ള മേശ (4 എണ്ണം), കമ്പ്യൂട്ടർ ടേബിൾ (1 എണ്ണം), ഓഫീസ് ചെയർ (6 എണ്ണം), റിവോൾവിംഗ് ചെയർ (6 എണ്ണം), അലമാര (6 എണ്ണം), സ്റ്റീൽ ബെഡ് (1 എണ്ണം),സ്റ്റീൽ റാക്ക് (4 എണ്ണം) എന്നീ ഫർണ്ണീച്ചറുകളാണ് വാങ്ങിയത്. ടി ഉപകരണങ്ങളിൽ റിവോൾവിംഗ് ചെയർ (6 എണ്ണം) ഒഴികെ ബാക്കിയുള്ള എല്ലാ ഉപകരണങ്ങളും തേക്കുതോട് ഗവ. ആയുർവേദാശുപത്രി, വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾക്കാണ് നൽകിയത്. റിവോൾവിംഗ് ചെയർ- 6 എണ്ണം വാങ്ങിയതിൽ 2 എണ്ണം മാത്രമാണ് വിതരണം നടത്തിയത്. ബാക്കിയുള്ള 4 ചെയറുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഫർണ്ണീച്ചറുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് വാങ്ങുന്നതെന്ന് പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20-12-2018) ലഭ്യമാക്കിയ മറുപടിയിൽ വിതരണം ചെയ്യാതെ അവശേഷിച്ച 4 റിവോൾവിംഗ് ചെയറുകൾ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നതായും ഇപ്രകാരം ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനം ഇല്ലായിരുന്നുവെന്നുമാണ് അറിയിച്ചത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സംരക്ഷണത്തിനുമായി വിനിയോഗിക്കുന്ന മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന് ആസ്തി കരസ്ഥമാക്കിയത് ക്രമപ്രകാരമല്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ ഫർണ്ണീച്ചറുകൾ ടി സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഫർണ്ണീച്ചറുകൾ സ്ഥാപനങ്ങൾ ആവശ്യമില്ലായെങ്കിൽ, ഭരണസമിതി അംഗീകാരത്തോടെ ആയിരിക്കണം ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കേണ്ടത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-4 ഗ്രാമപഞ്ചായത്തിന് ഫർണ്ണീച്ചർ വാങ്ങൽ- വാങ്ങിയ മേശകൾ ഉപയോഗിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | ഗ്രാമപഞ്ചായത്തിന് ഫർണ്ണീച്ചർ വാങ്ങൽ (9/17-18) |
| വകയിരുത്തിയ തുക | 93289- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 92874 |
| ബിൽ നമ്പരും തീയതിയും | 7/17-18 തീയതി 29-06-2017,<br>8/17-18 തീയതി 30-06-2017, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ടെണ്ടർ നടപടി പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് , നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫർണ്ണീച്ചർ വാങ്ങൽ നടത്തിയത്. തടികൊണ്ടുള്ള മേശ (4 എണ്ണം), എക്സിക്യൂട്ടീവ് ചെയർ-13 എണ്ണം എന്നീ ഫർണ്ണീച്ചറുകളാണ് വാങ്ങിയത്. എന്നാൽ വാങ്ങിയ തടിമേശകൾ 4 എണ്ണവും ഉപയോഗിക്കാതെ കോൺഫറൻസ് ഹാളിൽ കൂട്ടിയിട്ടിരിക്കുന്നതായും മേശക്ക് മുകളിൽ പഴയകാല ഫയലുകൾ അടുക്കിവച്ചിരിക്കുന്നതായുമാണ് കാണാൻ കഴിഞ്ഞത്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കായി 2017 ജൂൺ മാസം വാങ്ങിയ ഫർണ്ണീച്ചറുകൾ ഇപ്പോഴും ഉപയോഗിക്കുന്നില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20-12-2018) ലഭ്യമാക്കിയ മറുപടിയിൽ ഫർണ്ണീച്ചറുകൾ ഉടൻതന്നെ വിതരണം നടത്തുമെന്നാണ് അറിയിച്ചത്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ (40/17-18) |
| വകയിരുത്തിയ തുക | 850000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | 200671 |
| ബിൽ നമ്പരും തീയതിയും | 67661-39/17-18 തീയതി 14-02-2018,<br>133010-44/17-18 തീയതി 20-03-2018, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പദ്ധതി പ്രകാരം 67661 രൂപയുടെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി . ലേബർ ചാർജ്ജായി 133010 രൂപ മെയിന്റനൻസ് നടത്തിയതിന് വിനിയോഗിച്ചു. പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 07-11-2017-ലെ നം-177/ഡി.എ3/2017 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യമാണ്. മെയിന്റൻസിനായി കരാർ ഏറ്റെടുത്തത് ശ്രീ കെ.പുരുഷോത്തമൻ, കെ.പി ഇലക്ട്രിക്കൽസ് എന്നയാളാണ്. ടിയാൻ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയിട്ടില്ല.

2)ടി ഉത്തരവ് പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും ആവശ്യമാണ്. മെയിന്റൻസിനായി കരാർ ഏറ്റെടുത്ത ശ്രീ കെ.പുരുഷോത്തമൻ, കെ.പി ഇലക്ട്രിക്കൽസ് എന്നയാൾക്ക് സൂപ്പർവൈസറി ലൈസൻസ് ഇല്ല.

3) ടെണ്ടർ നടപടി പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയത് അൽമന ട്രേഡിംഗ് കമ്പനി, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നുമാണ്. റിപ്പയറിംഗിനായി വാങ്ങിയ തെരുവ് വിളക്കുകൾ ചുവടെ പറയും പ്രകാരമാണ്.

| *ക്രമ നം* | *തെരുവ് വിളക്കിന്റെ വിശദാംശം* | *എണ്ണം* |
|---|---|---|
| 1 | സി.എഫ്.എൽ-20 W | 100 |
| 2 | ട്യൂബ് | 940 |
| 3 | ബൾബ് ഹോൾഡർ | 200 |
| 4 | അലൂമിനിയം വയർ | 25 |
| 5 | ഇൻസുലേഷൻ ടേപ്പ് | 150 |
| 6 | സൈഡ് ഹോൾഡർ | 940 |
| 7 | സ്റ്റാർട്ടർ | 940 |

റിപ്പയറിംഗ് നടത്തിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *തെരുവ് വിളക്കിന്റെ വിശദാംശം* | *എണ്ണം* | തുക |
|---|---|---|---|
| 1 | ഡബിൾ ട്യൂബ് സെറ്റ് | 502 | 502x220= 110440 |
| 2 | സിംഗിൾ ട്യൂബ് സെറ്റ് | 139 | 139x130= 18070 |
| 3 | സി.എഫ്.എൽ | 50 | 50x90=4500 |
| | | ആകെ | 133010 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വാങ്ങിയതും റിപ്പയറിംഗ് നടത്തിയതുമായ തെരുവ് വിളക്കുകളുടെ എണ്ണം തമ്മിൽ യോജിക്കുന്നില്ല.

4)കെ.എസ്.ഇ.ബി-യിൽ നിന്നുമുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്.

| *ക്രമ നം* | *തെരുവ് വിളക്കിന്റെ വിശദാംശം* | *എണ്ണം* |
|---|---|---|
| 1 | സി.എഫ്.എൽ | 56 |
| 2 | സോഡിയം വേപ്പർ ലാമ്പ് | 1 |
| 3 | ട്യൂബ്-2x40W | 470 |
| 4 | ഓർഡിനറി ബൾബ് | 261 |

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഡബിൾ ട്യൂബ് സെറ്റിന്റെ എണ്ണം 470 ആണ്. എന്നാൽ 502 എണ്ണം റിപ്പെയർ ചെയ്തതിന് തുക നൽകിയിരിക്കുന്നു. കൂടാതെ സിംഗിൾ ട്യൂബ് സെറ്റ്- 139 എണ്ണം മെയിന്റനൻസ് ചെയ്തതിന് തുക നൽകിയിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും മെയിന്റനൻസ് നടത്തിയവയും തമ്മിൽ യോജിക്കുന്നില്ല.

5) രണ്ട് തവണകളിലായാണ് അൽമന ട്രേഡേഴ്സിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയത്. ഒന്നാമത്തേത് ബിൽ നം-1708/29-12-2017 പ്രകാരവും രണ്ടാമത്തെ വാങ്ങൽ ബിൽ നം-1859/16-01-2018 പ്രകാരവുമാണ്. ആദ്യ ബിൽ പ്രകാരം 450 സ്റ്റാർട്ടർ വാങ്ങിയിരുന്നു. ആയതിന്റെ വില യൂണിറ്റിന് 5.86 രൂപയായിരുന്നു. രണ്ടാമത്തെ ബിൽ പ്രകാരം 490 സ്റ്റാർട്ടർ വാങ്ങിയിരുന്നു. ആയതിന്റെ വില 6.36 രൂപയായിരുന്നു. ഇപ്രകാരം വ്യത്യസ്ത വില നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

6)വാങ്ങിയ തെരുവ് വിളക്കുകളുടെ ഗുണനിലവാരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) മെയനിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/20-12-2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിലും മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിലും ചെലവ് തുകയായ 200671 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പൂർത്തീകരണത്തിന് ശേഷമുള്ള ഡെപോസിറ്റ് തുക ക്രമീകരിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം മൂന്ന് പ്രവൃത്തികളിലായി 544400 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പ്രവൃത്തിയുടെ പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. ഇത് പ്രകാരം 190388 രൂപ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *പ്രോജക്റ്റിന്റെ നമ്പരും പേരും* | *ഡെപ്പോസിറ്റ് തുക* | *യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അവശേഷിക്കുന്ന തുക* |
|---|---|---|---|
| 1 | അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ (13/18) | 82000 | 119234 |
| 2 | അങ്കണവാടി കുടിവെള്ള സൗകര്യം അധിക തുക നൽകൽ (230/18) | 212400 | |
| 3 | മണ്ണീറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (12/18) | 200000 | 71154 |
| 4 | മാലപ്പടി ഭാഗം പൈപ്പ് ലൈൻ നീട്ടൽ (16/18) | 50000 | |
| | ആകെ | **544400** | **190388** |

പദ്ധതി പൂർത്തീകരണത്തിന് ശേഷം 190388 രൂപ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. ടി തുക 2018-19 വർഷത്തെ പദ്ധതികളിൽ ക്രമീകരിക്കുകയോ 190388 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 റിവോൾവിംഗ് ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ

| | |
|---|---|
| *പ്രൊജക്റ്റ് നമ്പർ,പേര്* | *133/18 കുടുംബശ്രീയ്ക്ക് റിവോൾവിംഗ് ഫണ്ട്* |
| *ഫണ്ടിനം* | *വികസന ഫണ്ട് (ജനറൽ)* |
| *അടങ്കൽ* | *400000* |
| *ബിൽ തുക,ബിൽ നമ്പർ* | *₹400000, ബിൽ നമ്പർ:4/2017-18/18.9.2017* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് സെക്രട്ടറി* |

പ്രസ്തുത പദ്ധതി പ്രകാരം 400000/- രൂപ മാറി സി.ഡി.എസിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. ആയത് നാളിതുവരെ ചെലവഴിക്കാത്തത് ക്രമപ്രകാരമുള്ള നടപടിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയുടെ (18/20.12.18) മറുപടിയായി ഫണ്ട് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകാൻ നടപടി സ്വീകരിക്കുമെന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ആശ്രയ ഫണ്ടിൽ യഥാസമയം തുക ഒടുക്കാത്തത് പലിശ നഷ്ടപ്പെടുത്തി

| | |
|---|---|
| *പ്രൊജക്ട് നമ്പർ,പേര്* | *128/18 അഗതി ആശ്രയ പദ്ധതി* |
| *ഫണ്ടിനം* | *വികസന ഫണ്ട് (ജനറൽ)* |
| *അടങ്കൽ* | *804250* |
| *ബിൽ തുക,ബിൽ നമ്പർ* | *₹804250, ബിൽ നമ്പർ: 5/2017-18/18.9.2017* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *അസിസ്റ്റന്റ് സെക്രട്ടറി* |

804250/- രൂപ 18.9.17-ൽ കോന്നി സബ് ട്രഷറിയിൽ നിന്നും മാറി സി.ഡി.എസിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചത് 29.11.17-ൽ പ്രസ്തുത ബാങ്കിൽ ക്രഡിറ്റ് വന്നിട്ടുണ്ട്. എന്നാൽ, ടി തുക ആശ്രയ അക്കൗണ്ടിലേക്ക് ക്രഡിറ്റ് വന്നിട്ടുള്ളത് 19.4.18-ൽ മാത്രമാണ്. (ചെക്ക് നമ്പർ 3573പ്രകാരം 19.4.18-ൽ സി.ഡി.എസ് അക്കൗണ്ടിൽ നിന്നും മാറിയിട്ടുണ്ട്). ആശ്രയ പദ്ധതിയ്ക്കായി പ്രത്യേകമായി അക്കൗണ്ട് നിലവിലുള്ളപ്പോൾ തുക മറ്റൊരു അക്കൗണ്ടിൽ ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ എൻക്വയറിയ്ക്ക് (19/20.12.18) ശ്രദ്ധക്കുറവ് കാരണം അക്കൗണ്ട് മാറിപോയതാണെന്നുള്ള മറുപടി അംഗീകരിക്കുന്നില്ല. തുക അക്കൗണ്ടിൽ നിക്ഷേപിക്കാനുണ്ടായ കാലതാമസം കാരണം നഷ്ടപ്പെട്ട പലിശ കണക്കാക്കി ആശ്രയ ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 സ്റ്റേഡിയം ജംഗ്ഷൻ പാലം പണി സ്തംഭനാവസ്ഥയിൽ

പഞ്ചായത്തിലെ കുത്താടിമണ്ണ് ഇടക്കണ്ണം ഭാഗത്തുള്ള ജനങ്ങൾക്ക് തണ്ണിത്തോട് ബസ് സ്റ്റാന്റിലേക്കുള്ള ദൂരം ഏകദേശം 2.5 കിലോമീറ്ററോളം കുറയ്ക്കാനാണ് പാലം ആസൂത്രണം ചെയ്തത്. സ്റ്റേഡിയം ജംഗ്ഷന് സമീപം തോടിന് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിച്ച പാലം കേവലം രണ്ട് തൂണുകളുടെ നിർമ്മാണത്തിൽ ഒതുങ്ങി. 2017-18 തൻവർഷം 136/18 നമ്പർ പദ്ധതി പ്രകാരം 1156988/- രൂപ വകയിരുത്തിയെങ്കിലും തുക ഒന്നും ചെലവഴിച്ചിട്ടില്ല. (പാർട്ട് ബിൽ മാറിയിട്ടില്ല) 2018-19-ൽ പ്രസ്തുത പാലത്തിന് ഇരുവശവും അപ്രോച്ച് റോഡുകൾ നിർമ്മിക്കാൻ പദ്ധതി വച്ചിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ പാലത്തിന്റെ രണ്ട് തൂണുകൾ മാത്രമാണ് പണിതിട്ടുള്ളത്. പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഗാർഹിക കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 86188/- രൂപയാണ്. 2011-ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് പഞ്ചായത്ത് അതിന് ശേഷം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2017-18 വർഷം 197ടാപ്പുകൾക്കായി 1034256/- രൂപയാണ് വാട്ടർ ചാർജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ചത്. പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.നിലവിലുള്ള ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 തെരുവ് വിളക്ക് മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

തെരുവുവിളക്കുകളുടെ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തുക അടവാക്കിയെങ്കിലും പദ്ധതി നടപ്പിലാക്കാഞ്ഞത് മൂലം വൈദ്യുതിചാർജ്ജിനത്തിൽ ഓരോ മാസവും ഗ്രാമപഞ്ചായത്ത് 75847രൂപവീതം ഒടുക്കുന്നു.
തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 222600 രൂപ ഡി.ഡി നം-206406/25-03-2013 പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ കോന്നി ഇലക്ട്രിക്ക് സെക്ഷൻ ഓഫീസിൽ അടച്ചിരുന്നു.എന്നാൽ ഓഡിറ്റ് സമയത്ത് തെരുവുവിളക്കുകൾക്ക് മീറ്റർ എല്ലാം സ്ഥാപിച്ചെങ്കിലും ആയത് പ്രവർത്തനസജ്ജമാക്കി പുതിയ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കി തുടങ്ങിയിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെഅറിയിക്കേണ്ടതാണ്.

## 3-12 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖയാണ് 29.1.2015-ലെ സ.ഉ(കൈ.)18/2015/തസ്വഭവ നമ്പർ ഉത്തരവ്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം കുറയ്ക്കുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടും. പഞ്ചായത്ത് ഇതു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

നിലവിൽ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിന്റെ താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഭിന്നശേഷിക്കാർക്ക് ഫ്രണ്ട് ഓഫീസിൽ എത്താൻ

റാമ്പ് സൗകര്യം ഇല്ല. സൂചിക സോഫ്റ്റ് വെയർ മുഖേന ഫയലുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന രീതി പ്രാവർത്തികമായിട്ടില്ല. കൂടാതെ, മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത് പ്രകാരം ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. (ഇരിക്കാൻ സൗകര്യം,റാമ്പ്, കുടിവെള്ളം, ടച്ച് സക്രീൻ, എഴുതാൻ സ്റ്റേഷനറി, ടി.വി എന്നിവ)

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പരിപാടി തയ്യാറാക്കുകയോ ഭൗതീക സാഹചര്യങ്ങൾ, പരിഹാര സംവിധാനങ്ങൾ എന്നിവ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിരന്തര പുരോഗതി വിലയിരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഗുണമേന്മ വിലയിരുത്തി കൂടുതൽ ഗുണപരമാക്കുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 3-13 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പദ്ധതികളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം* | *അടങ്കൽ* | *നടപ്പിലാക്കിയത്* | *ചെലവഴിച്ച തുക* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 26 | 9564838 | 15 | 2407712 | 7157126 | 25.17 |

ചെലവായ തുകയുടെ ഏകദേശം 48 ശതമാനം മരുന്നുകൾ വാങ്ങാനും വെള്ളക്കരം ഒടുക്കുവാനുമാണ് ചെലവഴിക്കപ്പെട്ടത്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികളായ പി.എച്ച്.സി മെയിന്റനൻസ് , ഹോമിയോ ആശുപത്രിക്ക് വിശ്രമമുറി , പി.എച്ച്.സിയ്ക്ക് ക്വാട്ടേർഴ്സ് നിർമ്മാണം, ആയുർവേദ ആശുപത്രിക്ക് ഗേറ്റും സൈഡ് നെറ്റും, ആയുർവ്വേദ് ആശുപത്രിക്ക് സ്റ്റോർ റൂം, അടുക്കള നിർമ്മാണം, അംഗൻവാടികളുടെ മെയിന്റനൻസ്, അംഗൻവാടികളുടെ വൈദ്യുതികരണം, ഗവ. വെൽഫയർ യു.പി.എസിന്റെ മേൽക്കൂര മാറ്റൽ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാത്തത് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. കഴിഞ്ഞ് മൂന്ന് വർഷങ്ങളിലും റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം യഥാക്രമം 38,43,51 ശതമാനം എന്നായിരുന്നത് ഗ്രാന്റിന്റെ ചെലവ് സംബന്ധിച്ച് പഞ്ചായത്തിന്റെ വ്യക്തമായ ചിത്രം നൽകുന്നു.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിനത്തിൽ ഓഡിറ്റ് വർഷം നടത്തിയ വരവ് - ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2155 | 887582 | 889697 | 888561 | 1176 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15553707 | 15553707 | 15553707 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 12000 | 12000 | 12000 | 0 |
| ആകെ | **2155** | **16453289** | **16455444** | **16454268** | **1176** |

**(1)**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവ് തുകയുടെ പരിധി ലംഘിച്ചു

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 20-09-2017 ലെ 16790/എൻ.ആർ.ഇ.ജി സെൽ 2/10- ാം നം കത്തിലെ നിർദ്ദേശം അനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഭരണ-നിർവ്വഹണ ചെലവുകൾ പദ്ധതി ചെലവിന്റെ 6% എന്ന പരിധി നിലനിർത്തിക്കൊണ്ട് വിവിധ തലങ്ങളിൽ ചെലവഴിക്കാവുന്ന തുക 23-11-2017 ലെ ഡി.ഡി.2/448/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | നിലവിലുള്ള പരിധി | പുതുക്കിയ പരിധി |
|---|---|---|
| ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ | 4%. | 5%. |
| ജില്ലാതലം | 0.5% | 0.50% |
| സംസ്ഥാന തലം | 0.25% | 0.25% |
| സോഷ്യൽ ഓഡിറ്റ് | 1% | 0.5% |
| പരിശീലനം | 0.25% | 0.25% |
| ആകെ | **6%** | **6%.** |

ഓരോ ഗ്രാമപഞ്ചായത്തിലെയും ഭരണച്ചെലവ് ബ്ലോക്ക് തലത്തിൽ മോണിട്ടർ ചെയ്യേണ്ടതും ഭരണച്ചെലവിനങ്ങൾ 5%ത്തിൽ അധികരിക്കാതെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2017-18 വർഷം ഗ്രാമപ്പഞ്ചായത്ത് 18087000 രൂപ വകയിരുത്തി 994 പദ്ധതികൾ ആവിഷ്കരിച്ച് അഗീകാരം വാങ്ങിയിരുന്നു. 221പ്രവൃത്തികളിലായി തൻ വർഷം 16454268 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 5% ആയ 822713 രൂപ മാത്രം ഭരണച്ചെലവിനായി ചെലവഴിക്കേണ്ടതിന് പകരം 900561 രൂപ (5.47%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഭരണച്ചെലവ് അധികമാകുന്ന പക്ഷം പ്രസ്തുത ഗ്രാമ പ്പഞ്ചായത്തിലെ എൻ.ആർ.ഇ.ജി ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണ ചെലവിനത്തിൽ അധികമായി ചെലവഴിച്ച 77848 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിരുന്നു. ആയത് പിന്നീട് എൻ.ആർ.ഇ.ജി എസ് ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. എൻ.ആർ.ഇ.ജി എസ് ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത ടി തുക തിരികെ എൻ.ആർ.ഇ.ജി എസ് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിന് വേണ്ട ശുപാർശ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതും ഭരണ സമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 3-15 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 700000/- രൂപയും ബ്ളോക്ക് പഞ്ചായത്തിൽ നിന്നും 500000 രൂപയും ഉൾപ്പെടുത്തി 1200000 രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (S0032/18) നടപ്പിലാക്കിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17 പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. (ക്ഷീരവികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ) ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 4 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ക്ഷീരകർഷകർ, നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17നമ്പർ ഉത്തരവ് അനുസരിച്ച് ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാ പഞ്ചായത്തിന്റെ വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചില്ല. ഒരു മാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 27000 രൂപയിൽ താഴെ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ എന്നതിനാൽ തന്നെ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ വികസന കാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം, സമഗ്ര കന്നുകാലി ഇൻഷുറൻസ് തുടങ്ങിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 18% തുക മാത്രമേ ചെലവഴിക്കാനായുള്ളൂ.

പ്രസ്തുത പ്രോജക്ടുകൾക്കായി 2250000 രൂപ വകയിരുത്തിയതിൽ 397425രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | കന്നുകുട്ടി പരിപാലനം (30/18) | 487500 (വികസനഫണ്ട്)<br>487500 (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>975000 (മറ്റുള്ളവ ) | 275000<br>(വികസനഫണ്ട്) |
| 2. | സമഗ്ര കന്നുകാലി ഇൻഷുറൻസ് (38/18) | 150000 (വികസനഫണ്ട്)<br>150000 (മറ്റുള്ളവ ) | 122425<br>(വികസനഫണ്ട്) |
| ആകെ | | 2250000 | 397425 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയായത്. പ്രോജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപ്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 എ.ബി.സി പ്രോഗ്രാം- പൂർത്തീകരണ രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രൊജക്ട് നം 129/17-18

അടങ്കൽ - 210000

ചെലവ്- 210000

ബിൽ നം- FVC /LSGD/04/17-18

ബഹു. കേരള സർക്കാരിന്റെ 05-05-2017ലെ 1450/17ത സ്വ ഭ വ നം ഉത്തരവു പ്രകാരം തെരുവ് നായകളെ വന്ധ്യംകരിക്കുന്നതിനായുള്ള മൈക്രോ സംരംഭക യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി കുടുംബശ്രീ മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം

15-11-17തീയതിയിൽ, ജില്ലാ കുടുംബശ്രീ മിഷൻ എ.ബി.സി പ്രോഗ്രാം ജില്ലാ കോ ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ട് നം 0339104000090094 ലേക്ക് (പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്) ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 210000രൂപ നൽകുകയുണ്ടായി. എന്നാൽ ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 ഇ.എം.എസ് ഭവനപദ്ധതി - ഗുണഭോക്താവ് തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല

ശ്രീമതി അന്നമ്മ മത്തായി എന്ന ഗുണഭോക്താവിന് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്ന് ആദ്യ ഗഡുവായ 103950 രൂപ നൽകിയിരുന്നു. ടിയാൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിനാൽ മേൽ തുക തണ്ണിത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇ.എം.എസ് ഭവനപദ്ധതി അക്കൗണ്ടിലേയ്ക്ക് 06/02/15ൽ തിരിച്ചടച്ചിരുന്നു. തിരിച്ചടച്ച 103950 രൂപയും പലിശയും ഉൾപ്പെടെയുള്ള 113532 രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. ആയത് നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-19 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രൊജക്ട് നം 119/17-18

അടങ്കൽ -300000

ചെലവ് - 120518

പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 17-10-2017ലെ പി ആർ എഫ്- 1393/ 17-10-2017നം പ്രോഫോർമ ഇൻവോയിസ് പ്രകാരം 300000 രൂപ (ട്രഷറി ബിൽ നമ്പർ 05/25.10.17 )കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക്

25-10-17 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019ലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും 120518 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി | മരുന്നു ലഭിച്ച തീയതി | തുക |
|---|---|---|
| PRF 1393/ 17-10-2017 | 19/04/18 | 44560 |
| PRF 1393/ 17-10-2017 | 08-06-2018 | 52061 |
| PRF 1393/ 17-10-2017 | 09-07-2018 | 23897 |
| ആകെ | | **120518** |

പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 179482 രൂപയുള്ള മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-20 പാലിയേറ്റീവ് കെയർ പദ്ധതി- നടത്തിപ്പിലും മേൽനോട്ടത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല

കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന നയം വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. മരുന്ന്, നേഴ്സിംഗ് പരിചരണം മുതലായവ ലഭ്യമാക്കുന്നതിനോടൊപ്പം അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തുക എന്നത് കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ സൂചന ജി.ഒ.(എം.എസ്) 228/12/ത.സ്വ.ഭ.വ തീയതി 23.08.2012, ജി.ഒ.(ആർ.ടി)-3217/15/ത.സ്വ.ഭ.വ.തീയതി 29.10.15എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ 300 പേർക്ക് പരിചരണം നൽകിവരുന്നു. ഇതിൽ 110 പേർക്ക് ഹോം കെയർ പരിചരണത്തിനായി ഒരു ടീം ഇപ്പോൾ നിലവിലുണ്ട്. ഇവർ മാസം 16 എണ്ണം വീതം ഹോംകെയർ നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതിനടത്തിപ്പിലും മോണിറ്ററിംഗിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**(1)** മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

2017-18 ൽ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടിയുള്ള മരുന്നുകൾ വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 07.10.2017 ലെ പ്രൊഫോർമ ഇൻവോയിസ് നം PRF 1164, PRF 1162 എന്നിവ പ്രകാരം 155000രൂപ (പ്രോജക്റ്റ് നം.SO 121/17-18) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിഗ് ഡയറക്ടർക്ക് 25.10.17 ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019ലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും 109262 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 45738 രൂപയുള്ള മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട പാലിയേറ്റീവ് കെയർ പോലെയുള്ള പദ്ധതിക്കുവേണ്ടി യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**(2)** പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ കാലയളവിൽ യോഗം ചേരുന്നില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയേറ്റീവ് കെയർ നേഴ്സ്, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും

കൃത്യമായ കാലയളവിൽ യോഗം ചേരുന്നില്ല. ഓഡിറ്റ് വർഷം 20-04-17, 09-10-17എന്നീ തീയതികളിൽ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി കൃത്യമായ കാലയളവിൽ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(3)**പാലിയേറ്റീവ് കെയർ പദ്ധതി - അവലോകനം

ഓഡിറ്റ് വർഷം പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ 600000 രൂപ വകയിരുത്തുകയും, 581000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ചെലവ് ശതമാനം 97%). പദ്ധതി അവലോകനം നടത്തിയതിൽ പദ്ധതിയുടെ മോണിട്ടറിംഗ് ഫലപ്രദമല്ലെന്ന് കാണുകയുണ്ടായി. ഹോംകെയർ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളെ സംബന്ധിക്കുന്ന വിവരങ്ങൾ - രോഗാവസ്ഥയുടെയും ചെയ്തുകൊടുക്കാവുന്ന സേവനങ്ങളുടേയും അടിസ്ഥാനത്തിൽ തരം തിരിച്ച് - അടങ്ങിയ പേഷ്യന്റ്സ് സ്റ്റാറ്റിസ്റ്റിക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുന്നില്ല. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ദുരിതമനുഭവിക്കുന്ന രോഗികളുടെ കൃത്യമായ വിവരങ്ങൾ ലഭിക്കാതിരിക്കുകയും, അതുമൂലം വർഷിക പദ്ധതിയിൽ എത്ര തുക വകയിരുത്തണമെന്ന കാര്യത്തിൽ വ്യക്തതയില്ലാതെ വരികയും ചെയ്യുന്നു. പേഷ്യന്റ്സ് സ്റ്റാറ്റിസ്റ്റിക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**(4)**പ്രോജക്ടുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട താഴെപറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

1. പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട്
2. ഹോംകെയർ പ്ലാനിംഗ് രജിസ്റ്റർ
3. റിവ്യൂ രജിസ്റ്റർ
4. ഈവന്റ്സ് ഡയറി
5. വരവ്, ചെലവ് കണക്കു പുസ്തകം
6. ഫിസിയോ തെറാപ്പിസ്റ്റിന്റെ റിപ്പോർട്ട്
7. തദ്ദേശ സ്വയംഭരണ സ്ഥാപനതല അവലോകന യോഗ ഹാജർ
8. റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്ക്

PMC, PIC എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി പ്രോജക്റ്റ് മോണിട്ടറിംഗ് ശക്തമാക്കേണ്ടതും, ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതുമാണ്.

## 3-21 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യാഗസ്ഥയായി നടപ്പാക്കിയ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (പ്രോ.നം-87/17-18), ജാഗ്രതാ സമിതി (പ്രോ.നം-86/17-18) എന്നീ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (പ്രോജക്റ്റ് നം-**39/18)**

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വികസനഫണ്ടിൽ നിന്നും 300000രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. കസേര ഒന്നിന് 495 രൂപ നിരക്കിൽ 500 കസേരകൾ 247500 രൂപക്ക് റോയൽ എന്റർപ്രൈസസ്, പെരുംപുഴ, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ മുഖേന വാങ്ങിയിട്ടുണ്ട്.

ഫർണ്ണീച്ചർ വാങ്ങിയ വകയിൽ 247500 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം കരാർ തുക ഒരു ലക്ഷം രൂപയിൽ കൂടിയ വാങ്ങലുകൾക്ക് മൊത്തം കരാർ തുകയുടെ 5% പെർഫോർമൻസ് സെക്യൂരിറ്റിയായി കരാറുകാരിൽ നിന്നും ഈടാക്കണം. എന്നാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 247500 രൂപയുടെ 5% ആയ 12375രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈടാക്കേണ്ടതിനു പകരം മലപ്പുറം കേരള ഗ്രാമീൺ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 10000 രൂപയുടെ ഫിക്സഡ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റ് മാത്രമാണ് പെർഫോർമൻസ് സെക്യൂരിറ്റിയായി നൽകിയിട്ടുള്ളത്. കരാറുകാരിൽ നിന്നും നിയമാനുസൃതമായ തുകക്കുള്ള പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്.

ബി) ജാഗ്രതാസമിതി (പ്രോജക്റ്റ് നം-**4/17-18)**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന ഫണ്ടിൽ നിന്നും 50000രൂപ വകയിരുത്തിയ പദ്ധതിക്ക് വേണ്ടി 2275രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2017 മെയ് മാസത്തിലാണ് ജാഗ്രതാസമിതിയുടെ ആദ്യ യോഗം ചേരുന്നത്. 12 ഗ്രാമപ്പഞ്ചായത്തു തല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് നാലു യോഗം മാത്രമെ നടന്നിട്ടുള്ളൂ. 12വാർഡുതല യോഗങ്ങൾ നടന്നിട്ടുണ്ട്. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം എസ് ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിക്കരിച്ചിട്ടില്ല.

## 3-22 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S003/18) 400000 രൂപ വകയിരുത്തി 320400 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 11വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 18വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന

വിദ്യാർത്ഥികൾക്ക് 13500 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 13500 രൂപയുമാണ് (വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-23 പോഷകാഹാര പദ്ധതി- കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിച്ചില്ല

2015-16വർഷം അംഗൻവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിൽ 49269 രൂപ അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. 2016-17, 2017-18വർഷം മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം, ബ്ലോക്ക വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾചുവടെ ചേർക്കുന്നു-

| *വർഷം* | *കേന്ദ്ര വിഹിതം ലഭിച്ചത്* | *കേന്ദ്ര വിഹിതം ചെലവഴിച്ചത്* | *ബ്ലോക്ക വിഹിതം ലഭിച്ചത്* | *ബ്ലോക്ക വിഹിതം ചെലവഴിച്ചത്* |
|---|---|---|---|---|
| 2016-17 | 661154 | 291913 | ഇല്ല | ഇല്ല |
| 2017-18 | 386857 | 142030 | 100000 | 82523 |
| ആകെ | 1048011 | 433943 | 100000 | 82523 |

31.3.18 വരെ പ്രസ്തുത ഇനത്തിൽ ആകെ 614068/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-24 അങ്കണവാടികൾ– ഭൗതിക സാഹചര്യമില്ലാത്ത അവസ്ഥയിൽ

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായതിന്റെ അധീനതയിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 19 എണ്ണത്തിനു സ്വന്തമായി കെട്ടിടമുണ്ട്. മെയിന്റനൻസ് ആവശ്യമുള്ള 15 എണ്ണവും, ചുറ്റമതിൽ ആവശ്യമുള്ള 7എണ്ണം, സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം പണി ആരംഭിക്കാത്ത ഒരു അങ്കണവാടിയും ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. അങ്കണവാടികൾക്ക് വൈദ്യുതിയും വാട്ടർ കണക്ഷനും നൽകുന്നതിനായി 2017-18വർഷം പ്രൊജക്ട് വെച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. മേൽ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനും, പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 100000/- | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണ പരിപാടി | 82523/- | 17477/- |
| | 100000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 20400/- | 79600/- |
| | 290000/- | മണ്ണീര തലമാനം വടക്കേക്കര കോളനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 289600/- | 400/- |
| | 500000/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000/- | - |

| | | | | |
|---|---|---|---|---|
| | | | | |
| | 525000/- | ഭവന പുനരുദ്ധാരണം (പട്ടികജാതി) | 49900/- | 475100/- |
| | 1500000/- | പി.എച്ച്.സി ക്വാട്ടേർസ് നിർമ്മാണം | - | 1500000/- |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ (13/18) | 82000 | 175076 | 119234 |
| | അങ്കണവാടി കുടിവെള്ള സൗകര്യം അധിക തുക നൽകൽ (230/18) | 212400 | | |
| | മണ്ണീറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (12/18) | 200000 | 178846 | 71154 |
| | മാലപ്പടി ഭാഗം പൈപ്പ് ലൈൻ നീട്ടൽ (16/18) | 50000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇല്ല | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല .

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2016-17 | 3-3 | 23741/- | ശ്രീ. അസ്ജാദ് എഫ്<br>ശ്രീ. ഹരികുമാർ | 1170210926/ 1.1.2018 |
| 2000-01 | ഭാഗം 1 | 300/- | ശ്രീ. അശോക് കുമാർ | 117020100545/ 14.8.2017 |
| 2009-10 | 3-13 | 4620/- | ജനപ്രതിനിധികൾ ഹാജർബത്ത അധികമായി കൈപ്പറ്റിയത് തിരികെ ഒടുക്കിയത് | 117020101877/ 29.12.17<br>1170201100739/ 25.9.17<br>117020100797/ 5.10.17<br>117020100799/ 6.10.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക നം.* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| -ഇല്ല- | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 80770450 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75821548 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200671/- |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -ഇല്ല- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 200671/- | ശ്രീ. സൈമൺ വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | **200671/-** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സൈമൺ വർഗ്ഗീസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>പ്രമാടം ഗ്രാമപഞ്ചായത്ത് | വള്ളിപ്പറമ്പിൽ, അതിരുങ്കൽ പി.ഒ |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03 തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03 തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03 തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03തീയതി 28-10-04 | 2 |

| | | |
|---|---|---|
| | | |
| 2001-02 (വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08തീയതി 23-04-09 | 1 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08തീയതി 31-05-09 | 16 |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07തീയതി 17-03-08 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12 | 1 |
| 2004-05 | എൽ.എഫ് പി.റ്റി.എ-പി9/204/10 തീയതി 11-1-11/17-4-12 | 3 |
| 2005-06 | എൽ. എഫ് പി.റ്റി.എ-പി9/970/11 തീയതി 12-12-11/2-5-12 | 2 |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11 തീയതി 12-12-11 | 3 |
| 2007-08 | എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12 | 4 |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12 തീയതി 06-06-12 | 3 |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12 | 11 |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13 തീയതി 21-10-13 | 5 |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13 തീയതി 30-11-13 | 6 |
| 2012-13 | എൽ. എഫ് പി.റ്റി.എ-പി9/261/15 തീയതി 15-7-15/21-7-15 | 16 |
| 2013-14 & 2014-15 | എൽ. എഫ് പി റ്റി എ പി 9/129/16തീയതി 6.2.2016 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ)**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# 5 അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി9/1626/18 തീയതി : 7.1.2019

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന്റെ **2017-18**വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക **1-12**-ൽചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ **2017-18**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ)**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSA.PTA.P9/1626/18 Dated :7.1.19

**<u>CERTIFICATE</u>**

Certified that I have examined the Annual Financial Statement of **Thannithode Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thannithode Gramma Panchayat** for the year 2017-18 except the obeservations in **Para 1-12** of my report properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director (H.G)**

**Kerala State Audit Department**

**Pathanamthitta**